# 7

# യേശുവിന്റെ പരീക്ഷണങ്ങൾ

## (4:1–11)

യേശുവിന്റെ ദൈവികതത്വത്തെ ദൈവം പ്രഖ്യാപിച്ച ശേഷം (3:17), ക്രിസ്തുവിനെ പരീക്ഷിക്കുവാനായി മരുഭൂമിയിലേക്ക് കൊണ്ടുപോയി. ആത്മിയമായി ഉയരുന്ന സമയത്തായിരിക്കും പലപ്പോഴും പരീക്ഷണം നേരിടുന്നത്.[1] യേശു ശുശ്രൂഷ ആരംഭിക്കുമ്പോൾ, അവന്റെ സ്വഭാവം എങ്ങനെയായിരിക്കുമെന്നു തെളിയിക്കുന്നതായിരുന്നു ആ പരീക്ഷണം. "ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞാലെന്താണ് അർത്ഥം?" എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നതാണ് ആ പ്രസ്താവന. വില എന്തായാലും, എല്ലാറ്റിലും അവന് കീഴ്പ്പെട്ട് യേശു ദൈവത്തോട് വിശ്വസ്തത കാണിച്ചു. "താൻ അനുഭവിച്ച കഷ്ടങ്ങളാൽ അവൻ അനുസരണം പഠിച്ചു തികഞ്ഞവനായി" എന്നാണ് എബ്രായലേഖകൻ പറയുന്നത് (എബ്രാ. 5:8).

യിസ്രായേൽ ജനത്തെ മിസ്രയിമിൽനിന്നു വാഗ്ദാനദേശത്തേക്ക് നയിച്ചു കൊണ്ടുപോയ മോശയുടെ സംഭവങ്ങളെ യേശുവിന്റെ പരീക്ഷണ സംഭവങ്ങളുമായി ഒത്തു നോക്കിയാൽ പല സമാനതകളും കാണാം. രണ്ടുപേരെയും മരുഭൂമിയിലേക്ക് കൊണ്ടുപോയി (4:1; പുറ. 19:1, 2), നാൽപതു രാവും നാൽപതു പകലും ഉപവസിച്ചു (4:2; പുറ. 34:28; ആവ. 9:9), ഉയർന്ന മലയിൽനിന്നു രാജ്യങ്ങളെ കാണിച്ചുകൊടുത്തു (4:8; ആവ. 3:27; 34:1–4).[2] എന്നിരുന്നാലും, മരുഭൂമിയിൽ അലഞ്ഞുനിരിഞ്ഞ യിസ്രായേൽ ദേശവും യേശുവും തമ്മിൽ വലിയ ഒരു ബന്ധമുണ്ട്. യേശുവിന്റെ പരീക്ഷണവും യിസ്രായേലും തമ്മിൽ ഒരു ബന്ധം ഡഗ്ലസ് ആർ.ഏ ഹെയർ കാണുന്നുണ്ട്:

> യിസ്രായേൽ നേരിട്ടതായ മൂന്നു പരീക്ഷണങ്ങളെയാണ് മത്തായി കാല നിർണ്ണയപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യിസ്രായേലിനെ ദൈവം "മകൻ" എന്നാണ് വിളിച്ചത് (ഹോശേ. 11:1; ആവ. 8:5 നോക്കുക), അവർ ആ മുന്നു പരീക്ഷണങ്ങളിലും പരാജയപ്പെട്ടു. പരീക്ഷണങ്ങളെ വിശ്വസ്തതയോടെ പ്രതികരിച്ചുകൊണ്ടാണ് യേശു അവയെ നേരിട്ടത്.[3]

ആർ. ടി. ഫ്രാൻസ് പറഞ്ഞു, "യേശു വാസ്തവത്തിലുള്ള യിസ്രായേലാണെന്ന് മത്തായി ആദ്യം ഉറപ്പിച്ചു 2:15–ൽ പറഞ്ഞത്, പരീക്ഷണങ്ങളിൽ പൂർണ്ണതയിൽ പ്രയോഗിക്കുകയാണ്" ചെയ്യുന്നത്.[4]

### മുഖവുര (4:1, 2)

**[1]അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി. [2]അവൻ നാൽപതു രാവും നാൽപതു പകലും ഉപവസിച്ചശേഷം അവന്നു വിശന്നു.**

**വാക്യം 1.** അവന്റെ സ്നാനത്തിനു ചുറ്റും നടന്ന ശ്രദ്ധേയമായ സംഭവങ്ങൾക്കുശേഷം (3:13–17), ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് നടത്തി, അവിടെ അവൻ പരീക്ഷണങ്ങൾ സഹിച്ചു. മർക്കൊസ് എഴുതി, “അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബ്ബന്ധിച്ചു” (മർക്കൊ. 1:12). ലൂക്കൊസ് പറഞ്ഞു, “ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി” (ലൂക്കൊ. 4:1).

മത്തായിയുടെ വിവരണത്തിലെ “നടത്തി” എന്നതു സൂചിപ്പിക്കുന്നത്, യേശു യോർദ്ദാൻ താഴ്വര വിട്ട് ഉയർന്ന മരുഭൂപ്രദേശത്തേക്കു നടന്നു എന്നാണ്. ആ മരുഭൂമി കൃത്യമായും എവിടെ ആണെന്ന് നമുക്ക് അറിയില്ല, പാരമ്പര്യം പറയുന്നത്, അത് യെരിഹോവിനും യെരുശലേമിന്നും ഇടക്കുള്ള മലഞ്ചെരിവാണെന്നാണ്. പർവ്വതത്തിന്റെ സ്ഥലം മിക്കപ്പോഴും പറഞ്ഞിട്ടുള്ളത് ക്വാറന്റാനിയ മല (“നാൽപത്”) എന്നാണ്. പ്രാദേശികർ പറയുന്നത് “പരീക്ഷണ മല” എന്നാണ്. ആ ഭാഗം സ്ഥിതി ചെയ്തിരുന്നത് യെരിഹോവിൽനിന്നു ഒന്നര മൈൽ പടിഞ്ഞാറായിട്ടാണ്.[5]

ദുഷ്ടനാൽ **പരീക്ഷിക്കപ്പെടുവാനാണ്** യേശുവിനെ പരിശുദ്ധാത്മാവ് മരുഭൂമിയിലേക്ക് നടത്തിയത്. ഗ്രീക്ക് ക്രിയ പറയുന്നത് ഒന്നുകിൽ “പരീക്ഷ,” അല്ലെങ്കിൽ “പരിശോധന” അല്ലെങ്കിൽ “പരീക്ഷണം, പ്രലോഭനം.”[6] ഇവിടെ പരിശോധന നടത്തുന്ന ഏജന്റായിരുന്നു പിശാച്, അത് സൂചിപ്പിക്കുന്നത് പിശാചാണ് യേശുവിനെ തിന്മ ചെയ്യുവാൻ പരീക്ഷിച്ചത് എന്നത്രെ.[7] ദൈവം ആളുകളെ പരീക്ഷിക്കുമ്പോൾ, ദോഷം ചെയ്യുവാൻ പരീക്ഷിക്കുകയില്ല (യാക്കൊ. 1:13). ആളുകളെ എപ്പോഴും പരീക്ഷിക്കുവാൻ ദൈവം അനുവദിക്കുകയില്ല, എന്നാൽ അവൻ എപ്പോഴും അതിൽനിന്നു രക്ഷപ്പെടുവാൻ പോക്കുവഴി ഒരുക്കും (1 കൊരി. 10:13).

യേശുവിന്റെ പരീക്ഷണം ദൈവേഷ്ടമായിരുന്നു. അവൻ പിശാചുമായി ഏറ്റുമുട്ടിയത് യാദൃശ്ചികസംഭവമായിരുന്നില്ല. അത് തയ്യാറാക്കി നിശ്ചയിച്ചതായിരുന്നു. യേശു എവിടെ കാണുമെന്ന് സാത്താന് അറിയാമായിരുന്നു, സാത്താൻ തന്റെ അടുക്കൽ വരുമെന്ന് യേശുവിനും അറിയാമായിരുന്നു. “ദൈവം അവനു ചെയ്യുവാൻ കൊടുത്ത പ്രവൃത്തി ചെയ്യേണ്ടതിന് അവൻ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെടേണ്ടത്” ആവശ്യമായിരുന്നു[8] (എബ്രാ. 4:15).

പരീക്ഷകനെ **പിശാച്** എന്നു പറഞ്ഞിരിക്കുന്നു (*ഡയബോളോസ്*), ആ വാക്കിന്റെ അർത്ഥം, “അപവാദി” അല്ലെങ്കിൽ “കുറ്റപ്പെടുത്തുന്നവൻ” എന്നാണ്. യോഹ. 4:10–ൽ യേശു അവനെ “സാത്താൻ” എന്നു വിളിച്ചു; ഇയ്യോ. 1:6–11–ൽ ഇയ്യോബിനെതിരെ കുറ്റം ആരോപിച്ചത് “പ്രതിയോഗി,” അല്ലെങ്കിൽ “സാത്താൻ” ആയിരുന്നു. “ദൈവമുൻപാകെ ... സഹോദരങ്ങൾക്കെതിരായി രാപ്പകൽ കുറ്റപ്പെടുത്തുന്നവൻ” എന്നാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത് (വെളി. 12:10). ഭൂതങ്ങളെ ഭരിക്കുന്ന ബെയെൽസെബൂൽ (ബാൽസെബൂബ്) ആണ് (മത്തായി 12:24; മർക്കൊ. 3:22). അവനെ സർപ്പം എന്നും (ഉൽപ. 3:1–5; 2 കൊരി. 11:3; വെളി. 20:2), “അലറുന്ന സിംഹം” (1 പത്രൊ. 5:8), “മഹാസർപ്പം” (വെളി. 12:3) എന്നും വിളിച്ചിരിക്കുന്നു. അവനു “വെളിച്ച ദൂതനായി” വേഷപ്രച്ഛന്നനാകുവാൻ കഴിയുമെന്നും ബൈബിൾ പറയുന്നു (2 കൊരി. 11:14). “ലോകത്തിന്റെ പ്രഭു” എന്നാണ് യേശു അവനെ വിളിച്ചത് (യോഹ. 16:11). “ഈ ലോകത്തിന്റെ ദൈവം” എന്നും (2 കൊരിന്ത്യർ 4:4). “ആകാശ

ത്തിന്റെ അധിപതി" എന്നും ആണ് പൗലൊസ് പിശാചിനെ കുറിച്ചു പറഞ്ഞത് (എഫെ. 2:2).

**വാക്യം 2**. പിശാചിന്റെ പരീക്ഷണത്തെ നേരിടുവാനുള്ള ഒരുക്കത്തിനായി യേശു **നാൽപതു രാവും നാൽപതു പകലും ഉപവസിച്ചു**. ലൂക്കൊസ് അത് കൂടുതൽ ലളിതമായി പറഞ്ഞു: "ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല" (ലൂക്കൊ. 4:2). യിസ്രായേലിലെ വലിയ അദ്ധ്യക്ഷന്മാർ ചെയ്തു വന്നതായിരുന്നു ആ ഉപവാസ രീതി. ന്യായപ്രമാണം ലഭിക്കുന്നതിനു മുൻപ് മോശെ സിനായ് പർവ്വതത്തിലായിരുന്നപ്പോൾ, നാൽപതു രാവും നാൽപതു പകലും ഉപവസിച്ചു (പുറ. 34:28; ആവ. 9:9; 10:10). ബാൽ പ്രവാചകന്മാരെ കർമ്മേൽ പർവ്വതത്തിൽ വെച്ച് തോൽപിച്ചതിനാൽ ഈസെബേലിൽനിന്നുണ്ടായ ഭീഷണി നിമിത്തം ഏലിയാവ് ഓടി പോയപ്പോഴും ഇത്രത്തോളം ഉപവസിക്കയുണ്ടായി (1 രാജാ. 19:8). ആ സംഭവങ്ങളിൽ ഓരോന്നിലും ആത്മിയമായ ഓരോ കാരണങ്ങളുണ്ടായിരുന്നു. യേശുവും ഉപവസിച്ചത് പരീക്ഷകന്റെ പരീക്ഷണത്തെ അതിജീവിക്കുന്നതിനും പരസ്യശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നതിനുമായിരുന്നു.

യേശു ഉപവസിച്ചുകഴിഞ്ഞപ്പോൾ **അവന്നു വിശന്നു**. വിശപ്പ് ശാരീരികമായി ഒരാളെ ബലഹീനനാക്കും, അപ്പോൾ അയാൾ ആഹാരത്തിനായി തന്റെ ശ്രദ്ധയെ തിരിക്കുകയും – ആത്മിയ കാര്യങ്ങളടക്കം[9] മറ്റു കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യും. വിശപ്പ് മാത്രമല്ല യേശുവിനെ അലട്ടിയിരുന്നത് മരുഭൂമിയിലെ അപകടങ്ങളും അവനെ അസ്വസ്ഥമാക്കിയിരിക്കാം. "യേശു കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നു" എന്നാണ് മർക്കൊസ് പറഞ്ഞത് (മർക്കൊ. 1:13).

## ആദ്യ പരീക്ഷണം (4:3, 4)

**[3]അപ്പോൾ പരീക്ഷകൻ അടുത്തുവന്നു. "നീ ദൈവപുത്രൻ എങ്കിൽ ഈ കല്ല് അപ്പമായിതീരുവാൻ കൽപിക്ക എന്നു പറഞ്ഞു". അതിന്നു അവൻ, [4]"മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, 'ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.' "**

**വാക്യം 3**. യേശു വിശന്നു ബലഹീനനായി ഇരുന്നപ്പോൾ, സാത്താൻ വന്നു അവനെ നേരിട്ടു. മത്തായി അവനെ **പരീക്ഷകൻ** എന്നാണ് വിളിച്ചത് കാരണം അവന്റെ ശ്രമം തന്റെ ഇരയെ ദോഷം ചെയ്യുവാൻ പ്രേരിപ്പിക്കുക എന്നതാണ് (1 കൊരി. 7:5,; 10:13; 1 തെസ. 3:5 നോക്കുക). സാത്താൻ ആ പ്രത്യേക സാഹചര്യത്തിൽ എടുത്ത ഭൗതികമായ രൂപത്തെ കുറിച്ചു വേദഭാഗം സൂചന നൽകുന്നില്ല.

യേശു തന്റെ വ്യക്തിപരമായ പുകഴ്ച്ചക്ക് ദൈവവചനത്തെ ഉപയോഗിക്കുവാനായിരുന്നു സാത്താൻ അവനെ പ്രേരിപ്പിച്ചത് (3:17 നോക്കുക). "**നീ ദൈവപുത്രൻ എങ്കിൽ** ..." എന്നാണ് സാത്താൻ പറഞ്ഞത്. യേശുവിന്റെ അവകാശത്തിൽ തന്നെയാണ് സാത്താൻ കടന്നു പിടിച്ചത്. "നീ ദൈവപുത്രനാകയാൽ, നിനക്ക് എന്തു ചെയ്യുവാൻ കഴിയുമെന്ന് എന്നെ കാണിക്കുക" എന്നാണ് ഗ്രീക്ക് ഘടന വ്യക്തമാക്കുന്നത്.

യേശു ശാരീരികമായി ബലഹീനനായിരുന്നപ്പോഴായിരുന്നു സാത്താൻ അവനെ സമീപിച്ചത് (4:2). സാത്താൻ ആളുകളെ ആക്രമിക്കുന്നത്, അവർ ഏറ്റവും ബലഹീനമായിരിക്കുമ്പോഴാണ്. യേശു വിശന്നിരിക്കുകയാണെന്നറിഞ്ഞ് അവൻ യേശുവിനോട്, ഈ "**കല്ലുകളോട് അപ്പമാകുവാൻ കൽപിക്ക**" എന്നാണ് പറഞ്ഞത്. മരുഭൂമിയിൽ കല്ലുകൾ ധാരാളമുണ്ടായിരുന്നു (3:9 നോക്കുക), അവയിൽ ചിലത് യേശുവിനു കഴിക്കാവുന്ന അപ്പത്തിന്റെ ആകൃതിയിലുമായിരുന്നേക്കാം (7:9 നോക്കുക). കല്ല് അപ്പമാക്കുക എന്നത് യേശുവിനു എളുപ്പത്തിൽ ചെയ്യുവാൻ കഴിയുന്നതായിരുന്നു. അവൻ പിന്നീട് വെള്ളം വീഞ്ഞാക്കി മാറ്റുകയും, അൽപം അപ്പവും മീനും എടുത്ത് വർദ്ധിപ്പിച്ച് പുരുഷാരത്തെ മുഴുവൻ പോഷിപ്പിക്കുകയും ചെയ്തു (യോഹ. 2:6–11; മത്താ. 14:13–21; 15:32–38). ദൈവത്തിൽ ആശ്രയിക്കാതിരിക്കുവാനാണ് സാത്താൻ യേശുവിനെ പ്രലോഭിപ്പിച്ചത്.

**വാക്യം 4**. പരീക്ഷണങ്ങളെ ദൈവികശക്തികൊണ്ട് നേരിടുന്നതിനു പകരം, ഏതൊരു മനുഷ്യനും നേരിടേണ്ടതുപോലെയായിരുന്നു അവൻ നേരിട്ടത് - ദൈവ വചന ശക്തിയിലുള്ള ആശ്രയത്താൽ. തിരുവെഴുത്തിലെ വചനത്താലായിരുന്നു അവൻ ഓരോന്നും അതിജീവിച്ചത്: "**മനുഷ്യൻ 'അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ.**' "അവന്റെ ഉദ്ധരണി സെപ്ത്വജിന്റിലെ ആവർത്തനപുസ്തകം 8:3 ആണ്. ദൈവം തന്റെ കരുണയിൽ ആശ്രയിക്കുവാൻ (പുറ. 16; സങ്കീ. 78:17–20 നോക്കുക) യിസ്രായേൽ എന്ന തന്റെ "മകനെ" ഉപദേശിക്കുന്ന വേദഭാഗമാണ് അത് (പുറ. 4:22). ദൈവജനം മിസ്രയിം വിട്ടശേഷം, മരുഭൂമിയിൽ വിശപ്പ് അനുവദിച്ച് ദൈവം അവരുടെ വിശ്വസ്തതയെ പരീക്ഷിച്ചു. അവർ മോശെക്കും അഹരോനും എതിരായി പിറുപിറുക്കുവാൻ തുടങ്ങി. ചിലർ മിസ്രയിമിലേക്ക് തിരിച്ചുപോകുവാൻ വിചാരിച്ചു, കാരണം അവിടെ ദിവസവും ആഹാരം ഉണ്ടായിരുന്നു. അവർക്ക് വിശ്വാസം കുറവായിരുന്നിട്ടും സ്വർഗത്തിൽനിന്നും അവർക്ക് മന്നാ പൊഴിച്ചുകൊടുത്തു, അതായത് "സ്വർഗത്തിൽനിന്നുള്ള അപ്പം." തന്നിൽ ആശ്രയിക്കുവാൻ ദൈവം തന്റെ ജനത്തെ പഠിപ്പിക്കുകയായിരുന്നു.

പുരാതന യിസ്രായേലിൽനിന്നു വ്യത്യസ്തമായി യേശു എങ്ങനെ ഒരു ദൈവപൈതലായി ശരിയായി ആശ്രയിക്കാമെന്ന് കാണിച്ചുകൊടുത്തു. അവൻ കാര്യങ്ങൾ തന്റെ നിയന്ത്രണത്തിലാക്കുവാനോ, ദൈവത്തിനെതിരെ പിറുപിറുക്കുവാനോ തയ്യാറായില്ല. താൻ സ്നാനം ഏറ്റ് പരിശുദ്ധാത്മാവിനെ സ്വന്ത ഇഛക്കായി അവൻ ഉപയോഗിച്ചില്ല. പകരം അവൻ, ദൈവവാഗ്ദാനം നിറവേറ്റുന്നതിനായി തന്നെ ഏൽപിച്ചു കൊടുത്തു.

"മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്" എന്ന പ്രയോഗം "ആഹാരത്തിന്റെ പ്രാധാന്യത്തെ കുറക്കുന്നില്ല (പാലസ്തീനിൽ അതു 'ആഹാരത്തിന്റെ'പര്യായമാണ്). ആഹാരത്തെ മാത്രം ലക്ഷ്യമാക്കി ജീവിക്കുന്നത് വളരെ പരിതാപകരമായ ജീവിതമാണ്."[10] യേശു പറഞ്ഞു, "എന്നെ അയച്ചവന്റെ ഇഷ്ടം തികക്കുകയത്രേ എന്റെ ആഹാരം" (യോഹ. 4:34). കൂടാതെ, ഭൗതികമായ കാര്യങ്ങളിൽ കൂടുതൽ ഊന്നൽ കൊടുക്കരുത് എന്ന് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു (ആഹാരം, പാനിയം, വസ്ത്രം), മറിച്ച് അവരുടെ ഹൃദയത്തിൽ ദൈവരാജ്യത്തെ കുറിച്ചാണ് ആദ്യം അവർ ചിന്തിക്കേണ്ടത് (6:31–33).

## രണ്ടാമത്തെ പരീക്ഷണം (4:5-7)

**5പിന്നെ പിശാച് അവനെ വിശുദ്ധനഗരത്തിൽ കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി. അവൻ അവനോട്, 6“നീ ദൈവപുത്രൻ എങ്കിൽ താഴോട്ട് ചാടുക.**

**നിന്നെ കുറിച്ച് അവൻ തന്റെ ദൂതന്മാരോട് കൽപിക്കും.**

**അവൻ നിന്റെ കാൽ കല്ലിനോട് തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും എന്ന് എഴുതിയിരിക്കുന്നുവല്ലൊ.”**

**7യേശു അവനോട്, “നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്” എന്നുകൂടെ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.**

**വാക്യം 5**. അടുത്തതായി, **പിശാച്** യേശുവിനെ യെരുശലേമിലേക്കു കൊണ്ടുപോയി, അതിനു **വിശുദ്ധ നഗരം** എന്നാണ് പറഞ്ഞിരിക്കുന്നത് (നെഹ 11:1, 18; യെശ 48:2; 52:1; ദാനി 9:24; വെളി 11:2). ദാവീദിന്റെ കാലത്ത്, യെരുശലേം യിസ്രായേലിന്റെ തലസ്ഥാനമായിരുന്നു. അവിടെ, പിന്നീട് അവന്റെ മകൻ ശലോമോന്റെ കാലത്ത് ജീവനുള്ള ദൈവത്തിന് ഒരു ആലയം പണിതു. അതുകൊണ്ട്, ദൈവസാന്നിദ്ധ്യത്താൽ അതിനെ “വിശുദ്ധ” നഗരം എന്നു വിളിച്ചു വെളിപ്പാടിന്റെ അവസാന ഭാഗത്ത് അതിനെ പുതിയ യെരുശലേം എന്ന സ്വർഗ്ഗീയ നഗരം എന്നാണ് പറഞ്ഞത്, അവിടെ ദൈവം തന്റെ ജനത്തോടുകൂടെ ആയിരിക്കും (വെളി. 21:2, 10; 22:19).

ക്രിസ്തു ചെയ്യുവാൻ തിരഞ്ഞെടുക്കാത്ത ഒന്നിലും പിശാചിനു അവന്റെ മേൽ അധികാരം ഇല്ലായിരുന്നു. ആ അർത്ഥത്തിലാണ്, സാത്താൻ അവനെ **കൊണ്ടുപോയി** എന്നു പറഞ്ഞിരിക്കുന്നത് (4:8 നോക്കുക). അത് അർത്ഥമാക്കുന്നത് പിശാച് അവനെ നടത്തുകയും യേശു സ്വയമായി അവനെ പിൻപറ്റുകയും ചെയ്തു എന്നാണ്. സാധാരണ നടന്നുപോയി എന്നതിനേക്കാൾ അതിനു അർത്ഥമില്ല.

യെരുശലേമിൽ പിശാച് യേശുവിനെ കൊണ്ടുപോയി **ദൈവാലയത്തിന്റെ അഗ്രത്തിൽ നിർത്തി**. “അഗ്രം” എന്നത് അക്ഷരീകമായി “ചിറക്” എന്നും തർജ്ജിമ ചെയ്യാം; ഏറ്റവും ഉയർന്ന സ്ഥാനം എന്നാണ് സൂചന (“അറ്റം”) അല്ലെങ്കിൽ അങ്ങേയറ്റം (“വക്ക്”). ഗ്രീക്കുവാക്ക് *ഹിയറോൺ,* തർജ്ജിമ ചെയ്തിരിക്കുന്നത് “ദൈവലയം,” എന്നത് സാധാരണ അർത്ഥമാക്കുന്നത് ദേവാലയ സമുച്ചയത്തെയാണ്. ദൈവാലയത്തിന്റെ അഗ്രത്തിൽ യേശു നിന്ന സ്ഥലം ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. റോബർട്ട് എച്ച്. ഗൺഡ്രി ഇതിന് മൂന്നു സാദ്ധ്യതകളാണ് പറയുന്നത്: (1) ദൈവാലയത്തിന്റെ അഗ്രം, (2) ദൈവാലയത്തിലേക്ക് പ്രവേശിക്കുന്ന വാതിലിന്റെ മേൽപടി, (3) പുറമേയുള്ള പ്രാകാരത്തിന്റെ തെക്കുകിഴക്കേ മൂല (രാജകീയ പൂമുഖം).[11] മൂന്നാമത്തേത് നീളം കൂടിയ സ്ഥാനമാണ്, “കിദ്രോൻ താഴ്വരയിലേക്ക് ഏതാണ്ട് ഇരുന്നുറ് അടിയോളം വരും.”[12] ആ ഇറക്കത്തെ ജോസെഫസ് ഇങ്ങനെ വിവരിച്ചു:

> [രാജകീയ പൂമുഖം] നന്നായി വിവരിക്കുവാൻ പ്രയാസമാണ്; എന്നാൽ താഴ്വര വളരെ ആഴമുള്ളതും, അതിന്റെ അറ്റം കാണുവാൻ കഴിയാത്തതുമാണ്, ... ആ കോട്ടയുടെ അഗ്രഭാഗത്തുനിന്നു ആരെങ്കിലും താഴേക്കു നോക്കിയാൽ തലകറക്കം [തലചുറ്റൽ] അനുഭവപ്പെടും, പക്ഷെ അയാ

ളുടെ കാഴ്ച എത്താത്ത വിധം അതിന് ആഴമുണ്ട്.[13]

യെഹൂദന്മാർക്ക് ദേവാലയത്തിന്റെ അഗ്രവുമായി പ്രത്യേക വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാകാം സാത്താൻ യേശുവിനെ ദൈവാലയ ഗോപുരത്തിലേക്കു കൊണ്ടുപോയത്. പിന്നീടുണ്ടായ റബ്ബിമാരുടെ പാരമ്പര്യം പറയുന്നു, "രാജാവായ മശിഹ തന്നെത്താൻ വെളിപ്പെടുത്തുമ്പോൾ, അവൻ ദൈവാലയത്തിന്റെ മുകളിൽ നിൽക്കും."[14] എല്ലാ യിസ്രയേലും വിശ്വസിക്കത്തക്ക വിധത്തിലായിരിക്കും അവന്റെ ശ്രേഷ്ടമായ പ്രത്യക്ഷത. ആ യെഹൂദ വിശ്വാസം തിരിച്ചറിഞ്ഞ ഗൺഡ്രി എഴുതി, "മരുഭൂമിയിൽ അനവധി കിഴുക്കാൻതൂക്കായ സ്ഥലങ്ങൾ ഉണ്ടായിരുന്നു, ദൈവാലയം തിരഞ്ഞെടുത്തത് ഒരു പക്ഷെ മശിഹാ കാഴ്ച പരസ്യമാക്കുന്നതിനായിരിക്കാം".[15] യേശു ദൈവാലയത്തിൽ നിന്നു ചാടിയാൽ, വില്യം ഹെൻഡ്രിക്സൺ പറയുന്നത്, "ക്രൂശ് ഒഴിവാകുകയും, വിഷമമോ വേദനയോ കൂടാതെ കിരീടം നേടാമാ[യിരുന്നു]."[16]

**വാക്യം 6**. സാത്താൻ യേശുവിന്റെ വ്യക്തിത്വം തെളിയിക്കുവാനാണ് ആവശ്യപ്പെട്ടത്: **"നീ ദൈവപുത്രൻ എങ്കിൽ, താഴോട്ട് ചാടുക."** ആ വെല്ലുവിളിയെ പിൻതാങ്ങുവാൻ, പിശാച് ഉദ്ധരിച്ചത് സങ്കീ 91:11, 12 ആണ്, അവിടെ വിശ്വസ്തനെ **തന്റെ ദൂതന്മാരെ** അയച്ച് താങ്ങിക്കൊള്ളും എന്നാണ് പറഞ്ഞിരിക്കുന്നത്: " 'നിന്റെ കാൽ കല്ലിൽ തട്ടാതവണ്ണം അവൻ തന്റെ ദൂതന്മാരെ അയച്ച് താങ്ങിക്കൊള്ളും.' " മോറിസ് പറഞ്ഞു, "ദൂതന്മാരുടെ സംരക്ഷണം ഒരു ചെറിയ അത്യാഹിതം പോലും ഒഴിവാക്കുമെന്നാണ് സാത്താൻ പറഞ്ഞത്. പാദംപോലും കല്ലിൽ സ്പർശിക്കയില്ല!"[17] ഈ വാക്യത്തിലും ലൂക്കോസിന്റെ വിവരണത്തിലും (ലൂക്കോ 4:10, 11), സാത്താൻ തിരുവെഴുത്ത് ഉദ്ധരിച്ചതായി കാണാം. അവൻ ശരിയായി വേദഭാഗം ഉദ്ധരിച്ചു എങ്കിലും, സന്ദർഭത്തിന് വിപരീതമായാണ് ഉപയോഗിച്ചത്.

**വാക്യം 7. യേശു**, അവൻ തെറ്റായി വേദഭാഗം ഉന്നയിച്ചതിനെ തിരുത്തി, അവിടെ ആ വേദഭാഗം ദൈവത്തെ പരീക്ഷിക്കുവാനല്ല ഉദ്ദേശിച്ചത്, മറിച്ച് ആളുകളെ ഉത്തേജിപ്പിക്കുന്നതിനായിരുന്നു. ഒരിക്കൽ കൂടെ, അവൻ ആവർത്തനപുസ്തകത്തിൽ നിന്നാണ് ഉദ്ധരിച്ചത്: **"നേരേ മറിച്ച്, 'നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും എഴുതിയിരിക്കുന്നു' "** (ആവ. 6:16). അവിടെ പറയുന്നത് യിസ്രായേൽ ജനം മസ്സായിൽ വെച്ചു ദൈവത്തെ പരീക്ഷിച്ചതാണ്, അത് പുറ. 17:1–7–ൽ രേഖപ്പെടുത്തിയിട്ടുണ്ട്. യിസ്രായേൽ മരുഭൂമിയിലെ രഫീദീമിൽ ആയിരുന്നപ്പോൾ, അവർക്ക് കുടിക്കുവാൻ വെള്ളം കണ്ടെത്തിയില്ല. അവർ മോശെക്കെതിരെ പിറുപിറുക്കുകയും ദൈവത്തെ പരീക്ഷിക്കയും ചെയ്തു. അവർ ചോദിച്ചു, "നമ്മുടെ മദ്ധ്യേ യഹോവ ഉണ്ടോ അതോ ഇല്ലയോ?" ആ സ്ഥലത്തെ "മസ്സാ" എന്നു വിളിച്ചു ("പരീക്ഷിക്കുക") "മെരീബ" ("കലഹം") എന്നാണ് അർത്ഥം. ആവർത്തനം 6:16 ഉദ്ധരിച്ചു ദൈവത്തെ പരീക്ഷിക്കരുത് എന്ന് യേശു പറഞ്ഞു. യിസ്രായേൽ ദൈവത്തെ പരീക്ഷിച്ചതുപോലെ പരീക്ഷിക്കാതെ അവൻ തന്റെ പിതാവിൽ ആശ്രയിച്ചു.[18]

## മൂന്നാമത്തെ പരീക്ഷണം (4:8-10)

**8പിന്നെ പിശാച് അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടു**

**പോയി, ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു. "വീണു എന്നെ നമസ്ക്കരിച്ചാൽ, ഇതൊക്കെയും [9]നിനക്ക് തരാം" എന്നു അവനോട് പറഞ്ഞു. യേശു അവനോട്, [10]"സാത്താനേ, എന്നെ വിട്ടുപോ നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു അവനെ മാത്രമെ നമസ്ക്ക രിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ" എന്നു പറഞ്ഞു.**

**വാക്യം 8.** ദൈവം വാഗ്ദാനം ചെയ്ത രാജ്യത്തിന്റെ രാജാവാകുന്നതിനാ യിരുന്നു യേശു ഈ ലോകത്തിലേക്ക് വന്നത്. അതു സംഭവിക്കണമെങ്കിൽ യേശു ക്രൂശ് വഴിയായി തന്നെ പോകണം. എളുപ്പവഴിയിൽ മഹിമയിലേക്ക് പോകുവാനായിരുന്നു സാത്താൻ യേശുവിനെ പ്രേരിപ്പിച്ചത്: **പിശാച് അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു.** മോശെ നെബോ പർവ്വതത്തിൽ കയറി എല്ലാ ദിശയിൽ കൂടെയും വാഗ്ദത്ത ദേശം നോക്കി യതാണ് ഇപ്പോൾ ഓർമ്മ വരുന്നത് (ആവ. 3:27; 34:1–4). മറ്റു ഭാഗങ്ങളിൽ പറയുന്നതുപോലെ, "ലോകം" എന്നതിനുള്ള ഗ്രീക്ക് വാക്ക് . ... (*കോസ്മോസ്*) പരിമിതമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (റോമ. 1:8; 4:13; കൊലൊ. 1:6).[19] അത് അങ്ങനെയാണെങ്കിൽ, *കോസ്മോസ്*, പാലസ്തീനെ മാത്രമാണ് ഉദ്ദേശിച്ചത്. അതേ സമയം, പിശാച് യേശുവിനെ കാണിച്ചുകൊ ടുത്തത് ഭൂമിയിലുള്ള "സകല രാജ്യങ്ങളുമായിരുന്നു" എന്നാണ് ചിലരുടെ വാദം. അക്ഷരികമായി യേശു ഏതാനും രാജ്യങ്ങൾ മാത്രം അല്ലെങ്കിൽ എല്ലാ രാജ്യങ്ങളും കണ്ടുവെങ്കിലും, അവന്റെ മനസിൽ ചലനം സൃഷ്ടിക്കുവാൻ ആ പരീക്ഷണത്തിനു കഴിഞ്ഞില്ല എന്നതാണ് വാസ്തവം.

**വാക്യം 9.** മശിഹ സകല ജാതികളെയും വാഴും എന്നാണ് പഴയനിയമം സൂചിപ്പിച്ചത് (സങ്കീ. 2:6, 8; 72:8–11; ദാനി. 7:14). എങ്ങനെയായാലും, യേശു കഷ്ടം അനുഭവിച്ചു മരിച്ച ശേഷമായിരിക്കും ആ സർവ്വദേശിയമായ ഭരണം സംഭവിക്കുന്നത് (28:18; ഫിലി. 2:8–11). ചുരുക്കി പറഞ്ഞാൽ, ചെറിയ പ്രതി രോധ വഴി തെരഞ്ഞെടുക്കുവാനായിരുന്നു സാത്താന്റെ പരീക്ഷണം. അവൻ അവനോട് പറഞ്ഞു, "**വീണു എന്നെ നമസ്ക്കരിച്ചാൽ, ഇതൊക്കെയും നിനക്കു തരാം.**"

ഈ രാജ്യങ്ങൾ ഒക്കെയും പിശാചിന് എങ്ങനെ യേശുവിനു നൽകുവാൻ കഴിയും? ലൂക്കൊസ് പറയുന്നതനുസരിച്ച് സാത്താൻ ഇതും കൂടെ പറഞ്ഞു, "ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം. അതു എങ്കൽ ഭരമേൽപിച്ചിരിക്കുന്നു. എനിക്കു മനസുള്ളവന്നു ഞാൻ കൊടുക്കു ന്നു" (ലൂക്കൊ. 4:6). പിശാചിന്റെ വാക്കുകൾ വിശ്വസിക്കാമെങ്കിൽ, ലോക ത്തിൽ ചില അധികാരം അവന്നു അനുവദിച്ചു കിട്ടിയിരിക്കുന്നു എന്നു പ റയാം. "ലോകത്തിന്റെ അധിപതി" ആയി മറ്റൊരു ഭാഗത്തു പിശാചിനെ പ റഞ്ഞിരിക്കുന്നത് ഇതിനോട് യോജിക്കുന്നു (യോഹ. 16:11), അവനെ "ഈ ലോകത്തിന്റെ പ്രഭു" എന്നും പറഞ്ഞിരിക്കുന്നു (2 കൊരി. 4:4).

**വാക്യം 10.** അതിനു പ്രതികരണമായി **യേശു** പറഞ്ഞു, "**സാത്താനേ, എന്നെ വിട്ടു പോ!**" അതേ പ്രയോഗം യേശു പിന്നീട് പത്രൊസിനോട് പ റഞ്ഞപ്പോൾ ഉപയോഗിക്കുന്നുണ്ട്, "സാത്താനേ, എന്നെ വിട്ടു പോ!" (16:23). ആ സമയത്ത്, യേശുവിനെ പരീക്ഷിക്കുവാൻ പിശാച് പത്രൊസിനെയാണ് ഉപയോഗിച്ചത്, ഒരിക്കൽകൂടെ അവൻ ക്രൂശ് ഒഴിവാക്കുവാൻ പ്രേരിപ്പിക്കു

കയായിരുന്നു. ഈ സമയത്ത് തന്റെ സന്നിധി വിട്ടുപോകുവാനായിരുന്നു യേശു പിശാചിനോട് പറഞ്ഞത്.

ഒരിക്കൽ കൂടെ യേശു പിശാചിനോട് തിരുവെഴുത്തിൽ കൂടെ മറുപടി പറഞ്ഞു. സെപ്ത്വജിന്റിലെ ആവർത്തനപുസ്തകം 6:13 ആണ് അവൻ ഉദ്ധരിച്ചത്: **"നിന്റെ ദൈവമായ യഹോവയെ ആരാധിച്ച്, 'അവനെ മാത്രമെ സേവിക്കാവു എന്ന് എഴുതിയിരിക്കുന്നുവല്ലോ'** " ഓരോ പ്രതികരണത്തിനും യേശു ആവർത്തനപുസ്തകമാണ് ഉപയോഗിച്ചത്. യിസ്രായേലിനെ മുന്നറിയിച്ചുകൊണ്ടാണ് ആദ്യം ആ അരുളപ്പാട് നൽകിയത്. തന്റെ ഉടമ്പടി വാഗ്ദാനമനുസരിച്ച് യഹോവയാണ് അവരെ അനുഗ്രഹിച്ചതെന്ന കാര്യം യിസ്രായേൽ വാഗ്ദത്ത ദേശത്തു ചെല്ലുമ്പോൾ, അവർ മറക്കാതിരിക്കേണ്ടതിനായിരുന്നു അത്. അതിലുപരിയായി, അവർ കനാന്യരുടെ (ചിലപ്പോൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി) അവിടെയുള്ള ദേവന്മാരെ നമസ്ക്കരിക്കുവാൻ പരീക്ഷിക്കപ്പെടുവാനുള്ള സാഹചര്യവും ഒഴിവാക്കുവാനായിരുന്നു. ആവർത്തനപുസ്തകം 6:14, 15 പറയുന്നു, " 'നിന്റെ ദൈവമായ യഹോവയുടെ കോപം നിനക്കു വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽനിന്നു നശിപ്പിക്കാതിരിപ്പാൻ ചുറ്റുമിരിക്കുന്ന ജാതികളുടെ ദേവന്മാരായ അന്യദൈവങ്ങളുടെ പിന്നാലെ നീ പോകരുത്. നിന്റെ ദൈവമായ യഹോവ നിങ്ങളുടെ മദ്ധ്യേ തീഷ്ണതയുള്ള ദൈവം ആകുന്നു.' "

എന്നാൽ ദൈവജനമായ, യിസ്രായേൽ ആവർത്തിച്ചാവർത്തിച്ച് കനാന്യ ദേവന്മാരെ നമസ്ക്കരിക്കുന്നതിലേക്ക് തിരിഞ്ഞു, എന്നാൽ ദൈവത്തിന്റെ പുത്രൻ പിതാവിനോട് പൂർണ്ണമായും വിശ്വസ്തനായിരുന്നു. അവൻ സാത്താനെ നമസ്ക്കരിക്കുവാൻ കൂട്ടാക്കിയില്ല.[20] സിംഹാസനത്തിലേക്കുള്ള അവന്റെ വഴി തികച്ചും ദൈവത്തോടുള്ള സമർപ്പണമായിരുന്നു. "മാത്രം" എന്ന വാക്ക് ശ്രദ്ധിക്കുവാൻ മോറിസ് പറഞ്ഞു, അവൻ എഴുതി, "*മാത്രം* എന്നതു വളരെ പ്രധാനപ്പെട്ട വാക്കാണ്. അതു വിലയുള്ളതാണ്, യേശുവിന് ഭൂമിയിലെ രാജത്വങ്ങൾ എല്ലാം കാണിച്ചുകൊടുത്തുകൊണ്ടാണ് തന്നെ വീണു നമസ്ക്കരിക്കുവാൻ പിശാച് ആവശ്യപ്പെട്ടത്. എന്നാൽ യേശു ദൈവത്തെ മാത്രം നമസ്ക്കരിക്കുകയും സേവിക്കുകയും ചെയ്തതിനാൽ, യേശുവിനു സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചു (28:18)."[21] കിരീടം ധരിക്കുന്നതിനു മുൻപ് യേശുവിനു ക്രൂശ് സഹിക്കേണ്ടിയിരുന്നു. വിശ്വസ്തത എന്ന അവന്റെ മാതൃക പിൻപറ്റിയാലേ (വെളി. 2:10) നമുക്ക് അവന്റെ "ജീവകിരീടം" ധരിക്കുവാൻ കഴിയു (1 പത്രൊ. 2:21–25).

### ഉപസംഹാരം (4:11)

**11അപ്പോൾ പിശാച് അവനെ വിട്ടു പോയി; ദൂതന്മാർ അടുക്കൽ വന്നു അവനെ ശുശ്രൂഷിച്ചു.**

**വാക്യം. 11.** മൂന്നാമത്തെ പരീക്ഷണത്തിനുശേഷം, യേശുവിന്റെ കൽപന പ്രകാരം (4:10), **പിശാച് അവനെ വിട്ടുപോയി**. ലൂക്കൊസ് 4:13-ൽ "സാത്താൻ കുറേക്കാലത്തേക്ക് അവനെ വിട്ടു മാറി" എന്നാണ്. മരുഭൂമിയിലെ പരീക്ഷണങ്ങൾ മാത്രമായിരുന്നില്ല യേശുവിനു അനുഭവപ്പെട്ടത്. അവൻ "സകലത്തിലും പരീക്ഷിക്കപ്പെട്ടു, എന്നാൽ പാപം കൂടാതെയത്രെ" (എബ്രാ. 4:15), യേശുവിന്റെ

ക്രൂശിലേക്കുള്ള വഴിയിലെല്ലാം പിശാച് അവനെ പരീക്ഷിച്ചുകൊണ്ടിരുന്നു. ഒരു കൂട്ടം ആളുകൾ നിർബ്ബന്ധിച്ച് യേശുവിനെ രാജാവാക്കുവാൻ ശ്രമിച്ചതും പരീക്ഷണം ആയിരുന്നേക്കാം (യോഹ. 6:15), യെഹൂദന്മാർ അടയാളം അന്വേഷിച്ചപ്പോഴും (ലൂക്കൊ. 11:29), തന്റെ ക്രൂശ് ഒഴിവാക്കുവാൻ അവന്റെ ശിഷ്യന്മാരിൽ ഒരാൾ ശ്രമിച്ചപ്പോഴും (16:21–23) അതു തന്നെയായിരുന്നു സംഭവിച്ചത്. ക്രൂശിൽ അവൻ തൂങ്ങി കിടന്നപ്പോഴും പരീക്ഷണ ശബ്ദം കേൾക്കാമായിരുന്നു, ജനക്കൂട്ടം നിലവിളിച്ചു, "മന്ദിരം പൊളിച്ച് മൂന്നു നാൾകൊണ്ട് പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക! ദൈവപുത്രൻ എങ്കിൽ, ക്രൂശിൽ നിന്നും ഇറങ്ങി വാ" (27:40). ഇരകളുടെ മേൽ ചാടിവീഴുന്ന വന്യമൃഗത്തെ പോലെയായിരുന്നു, ആത്മാക്കൾക്കു വേണ്ടിയുള്ള അവന്റെ ദാഹം (1 പത്രൊ. 5:8).

സാത്താൻ പോയശേഷം, **ദൂതന്മാർ വന്നു അവനെ ശുശ്രൂഷിച്ചു തുടങ്ങി**. ദൂതന്മാർ "ആത്മാക്കളുടെ സേവകന്മാരാണെന്നാണ്" എബ്രായലേഖകൻ പറഞ്ഞിരിക്കുന്നത് (എബ്രാ. 1:14). തീർച്ചയായും, യേശുവിന്റെ പരീക്ഷണശേഷം, അവർ അവനെ പ്രോൽസാഹിപ്പിച്ചിരിക്കും, ഗദ്ശെമനയിൽ വെച്ച് യേശു പ്രാർത്ഥിച്ചശേഷവും ഒരു ദൂതൻ വന്നു ചെയ്തത് അതാണ് (ലൂക്കൊ. 22:43).

## പാഠങ്ങൾ

### പരീക്ഷാ സമയങ്ങളിലെ (4:1-11)

ഒരുപക്ഷെ, യേശുവിന്റെ പരീക്ഷണങ്ങളെ നാം വായിക്കുമ്പോൾ, സാത്താനെ കുറിച്ചും, ഉപവാസത്തെ കുറിച്ചും, പരീക്ഷണ സ്വഭാവങ്ങളെ കുറിച്ചും ചോദ്യങ്ങൾ ചോദിക്കാം. മത്തായി 4:1–11 പഠിക്കുമ്പോൾ, നമുക്ക് അവ ശ്രദ്ധിക്കാം.

*ആരാണ് നമ്മുടെ വാസ്തവത്തിലുള്ള പ്രതിയോഗി?* ആരാണ് നമ്മുടെ യഥാർത്ഥ ശത്രു എന്നു ബോധ്യമാക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സാത്താൻ വഞ്ചകനാണ്. അവൻ "ആരംഭം മുതൽ കുലപാതകിയും, " "ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനും" ആകുന്നു എന്ന് യേശു പറയുന്നു (യോഹ. 8:44). ഒരുപക്ഷെ അവനെ നോക്കി ആളുകൾ ചിരിക്കത്തക്കവണ്ണം ചുവന്ന സൂട്ടും, കൊമ്പുകളും വാലുമൊക്കെയായി സാഹസ വഞ്ചന നടത്തുന്നതിനാലാകാം. പക്ഷെ പ്രവർത്തികളെല്ലാം പൈശാചികമാണ്. തിന്മയെ നന്മയായി കാണിച്ചുകൊണ്ടാണ് അവൻ നമ്മെ വഞ്ചിക്കുന്നത് (യെശ. 5:20) അവൻ അശ്ലീല ചിത്രത്തെ "കല" എന്നും പാപത്തെ "ദുരേർപ്പാട്" എന്നും, വ്യഭിചാരത്തെ "അർത്ഥവത്തായ ബന്ധം" എന്നും, "സ്വവർഗരതിയെ" "പകരമുള്ള ജീവിതശൈലി" എന്നും, "മദ്യപാനത്തെ" "സാമൂഹികം" എന്നും പറയുന്നു. അവൻ ആളുകളെക്കൊണ്ട് കുടിലമായ പ്രവൃത്തികൾ ചെയ്യിക്കുന്നു. അവൻ "വെളിച്ച ദൂതന്റെ വേഷം ധരിക്കുകയും," അവന്റെ ശുശ്രൂഷകന്മാർ "ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുമെന്നും പൗലൊസ് പറഞ്ഞിരിക്കുന്നു" (2 കൊരി. 11:13, 14). "ഭൂതങ്ങളുടെ ഉപദേശത്താൽ" വലിയ ഉപദേഷ്ടാക്കന്മാർ വലിയ പുരുഷാരത്തെ കൂട്ടിച്ചേർക്കും (1 തിമൊ. 4:1, 2). അവർ കാപട്യത്താൽ "അർത്ഥസത്യവും ഭോഷ്ക്കും" പറയും. പകയും ഭിന്നതയും നിലനിർത്തി അവർക്ക് സ്നേഹത്തെ കുറിച്ചും ഐക്യതയെ കുറിച്ചും സംസാരിക്കുവാൻ കഴിയും.

*ഉപവാസത്തെ കുറിച്ചോ?* ഉപേക്ഷിക്കപ്പെട്ടതും മിക്ക ക്രിസ്ത്യാനികളും

പരിശീലിക്കാത്തതുമായ വിഷയമാണ് ഉപവാസം, എങ്കിലും അത് ബൈബിളിൽ പഴയനിയമത്തിലും പുതിയനിയമത്തിലും ഉപദേശിക്കുകയും പരിശീലിക്കുകയും ചെയ്തിട്ടുള്ള വിഷയമാണ്. നമ്മുടെ വേദഭാഗത്തിൽ കാണുന്നതുപോലെ യേശു ഉപവസിച്ചിട്ടുണ്ട്. അവൻ തന്റെ ശിഷ്യന്മാരെയും ഉപവസിക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട് (6:16–18; 17:21). തർസൊസുകാരനായിരുന്ന ശൗൽ (പൗലൊസ്) ഉപവസിച്ചിരുന്നു (പ്രവൃത്തികൾ 9:9), ചിലപ്പോൾ അവൻ സുവിശേഷത്തിനായി വിശന്നിരുന്നിട്ടുമുണ്ട് (2 കൊരി. 6:5; 11:27). ചില സാഹചര്യത്തിൽ, ഭാര്യമാർക്കും ഭർത്താക്കന്മാർക്കും (അടുത്തിരിക്കുന്നതിൽനിന്നു വിട്ടുനിൽക്കൽ) പരിശീലിക്കാവുന്നതാണ് (1 കൊരി. 7:5). പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപ് ആദ്യ സഭ ഉപവസിച്ചിരുന്നു (പ്രവൃത്തികൾ 13:2; 14:23).

ഒരു പരസ്യ കടമയായി യേശു ഉപവാസം ആജ്ഞാപിച്ചിട്ടില്ല, എന്നാൽ അന്നു യെഹൂദന്മാർ സാധാരണയായി പരിശീലിച്ചിരുന്നവയെ നിയന്ത്രിക്കുവാൻ പറഞ്ഞിരുന്നു (6:16–18). തെറ്റായ ഉപവാസത്തെ അവൻ ഖണ്ഡിക്കുകയുണ്ടായി, പക്ഷെ തീർച്ചയായും ഉപവാസത്തെ കുറ്റപ്പെടുത്തിയില്ല. “നിങ്ങൾ ഉപവസിക്കുകയാണ് *എങ്കിൽ* ...” എന്നല്ല യേശു പറഞ്ഞത്, പിന്നെയോ, “ഉപവസി*ക്കുമ്പോൾ* ...” എന്നാണ് (6:16; എംഫസിസ് ആഡഡ്). താൻ സ്വർഗത്തിലേക്ക് മടങ്ങി പോകുമ്പാൾ തന്റെ ശിഷ്യന്മാർ ഉപവസിക്കുമെന്നും അവൻ സൂചിപ്പിച്ചു (9:14, 15; മർക്കൊ. 2:18–20; ലൂക്കൊ. 5:33–35).

ഉപവാസം ഉപവാസത്തിനുവേണ്ടിയുള്ളതല്ല; അതു മനോഭാവത്തെയും ഹൃദയവികാരത്തെയും രൂപപ്പെടുത്തുന്നതിനുള്ളതാണ്. ഉപവസിക്കാതിരുന്നാൽ പല ആത്മിയ നേട്ടങ്ങളും നമുക്ക് ലഭിക്കാതെ പോകും. ഗൈ എൻ. വൂഡ്സ് എഴുതി,

> ഉപവാസം ശരിയായി എടുത്താൽ, ആത്മിയമായി അനുഗ്രഹമായി തീരുകയും, മനസിനെ അച്ചടക്കത്തിൽ വരുത്തുകയും, ആന്തരികശക്തിയും ബലവും പ്രാപിക്കുകയും ചെയ്യും. ചില സമയത്ത് നമ്മുടെ എല്ലാവരുടേയും ഹൃദയങ്ങളിലേക്ക് ലോകത്തിന്റേയും ജഡത്തിന്റേയും അഭിലാഷങ്ങൾ കടന്നു വരും. അപ്പോൾ പ്രാർത്ഥനയാലും ഉപവാസത്താലും നമുക്ക് ദൈവത്തോട് കൂടുതൽ അടുക്കുവാനും ജീവിതത്തിൽ അവന്റെ സഹായവും പിന്താങ്ങലും ലഭിക്കുവാനും ഇടയാകും. അത്തരം അനുഭവം നമ്മെ ശക്തിപ്പെടുത്തുകയും, നമ്മുടെ വിശ്വാസം വർദ്ധിപ്പിച്ച് ക്രിസ്തീയ ജീവിതം ധന്യമാക്കുകയും ചെയ്യും.[22]

വാഗ്ദാനം ചെയ്തു അനുഗ്രഹത്തോടുകൂടെ നാം ഉപവാസത്തെ നോക്കിയാൽ നന്നായിരിക്കും. പല സാഹചര്യങ്ങളിലും ഉപവാസം ബുദ്ധിപരവും ഉപകാരപ്രദവുമായിരിക്കും:

1. ഒരാൾ പരീക്ഷിക്കപ്പെട്ടു ദുഃഖത്തിലും ഭാരത്തിലുമാകുമ്പോൾ;
2. ഒരു ക്രിസ്ത്യാനി തന്റെ ക്രിസ്തീയ ജീവിതം ഉദാസീനമായിതീരുന്നു എന്നു മനസിലാക്കുമ്പോൾ;
3. സഭയിൽ കുഴപ്പങ്ങൾ നേരിടുമ്പോൾ;
4. സഭയിൽ മുഖ്യതീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ, ഉദാഹരണ

മായി, മൂപ്പന്മാർ, ശുശ്രൂഷകന്മാർ, ഉപദേഷ്ടാവ് എന്നിവരെ തിരഞ്ഞെടുക്കുമ്പോൾ;
5. ഒരു സ്ത്രീയുടേയോ, പുരുഷന്റെയോ ജീവിതത്തിൽ വ്യക്തിപരമായ മുഖ്യ തീരുമാനം എടുക്കേണ്ടിവരുമ്പോൾ.

*സാത്താൻ എങ്ങനെയാണ് നമ്മെ പരീക്ഷിക്കുന്നത്?* നാം പരീക്ഷിക്കപ്പെടുമ്പോലെയാണ് യേശുവും പരീക്ഷിക്കപ്പെട്ടത് എന്നു പലപ്പോഴും നമ്മെ ഓർപ്പിക്കുന്നുണ്ട്. അതായത് സാത്താൻ പരീക്ഷണത്തിനായി നമ്മിൽ ഉപയോഗിക്കുന്ന രീതിയിൽ; ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം (1 യോഹ. 2:16). അങ്ങനെയായിരുന്നു സാത്താൻ ഹവ്വയെ പരീക്ഷിച്ചത്. അവൾ ആദ്യം നോക്കിയപ്പോൾ, "തിന്മാൻ നല്ലത് എന്നു കണ്ടതു" ജഡികമോഹമായിരുന്നു. രണ്ടാമത്, നോക്കിയപ്പോൾ, "ഭംഗിയുള്ളതായി കണ്ടത്" കൺമോഹമായിരുന്നു. മൂന്നാമത് "ജ്ഞാനം പ്രാപിപ്പാൻ" കാമ്യവുമെന്നു കണ്ടത് ജീവനത്തിന്റെ പ്രതാപമായിരുന്നു (ഉൽപ. 3:6). കല്ല് അപ്പമാക്കി ഭക്ഷിക്കുവാൻ പിശാച് യേശുവിനോട് പറഞ്ഞത് ജഡമോഹമെന്ന പരീക്ഷണമായിരുന്നു (മത്താ. 4:3). ദൈവാലയത്തിന്റെ അഗ്രത്ത് നിന്നു ചാടുവാൻ പറഞ്ഞത് ജീവനത്തിന്റെ പ്രതാപമായിരുന്നു (4:6). ലോകത്തിലെ സകല രാജ്യത്വങ്ങളും പിശാച് യേശുവിനു കാണിച്ചുകൊടുത്തത് കൺമോഹത്താലുള്ള പരീക്ഷണമായിരുന്നു (4:8). യാക്കോബ് എഴുതി, "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു" (യാക്കോ. 1:14, 15).

പരീക്ഷണം പൊതുവായ അനുഭവമാണ് (1 കൊരി. 10:13). നാം അതിനെ നേരിടുമ്പോൾ, ഒരിക്കലും അതിനു കീഴ്പ്പെടരുത്. യേശുക്രിസ്തു ചെയ്തതുപോലെ, ആത്മാവിന്റെ വാളെടുത്ത് അതിനോട് പോരാടി ജയിക്കണം (എഫെ. 6:17).

*സംക്ഷിപ്തം.* 4:1–11 ഈ പാഠങ്ങളാണ് നൽകുന്നത്:

1. നമ്മുടെ വലിയ പ്രതിയോഗിയായ സാത്താൻ, വിശ്രമമില്ലാതെ പ്രവർത്തിക്കുമെന്നത് വാസ്തവമാണ്.
2. യേശു ഉപവസിച്ചു, എന്നാൽ മാനുഷപുകഴ്ച്ചക്കായ ഉപവാസത്തെ അവൻ ഖണ്ഡിച്ചു.
3. പരീക്ഷണം പാപമല്ല.
4. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ നിലയിലാണ് സാത്താൻ പരീക്ഷിക്കുന്നത്.
5. ദൈവേഷ്ടം അറിഞ്ഞു ചെയ്യുന്നതിനാൽ നമുക്ക് പരീക്ഷണത്തെ അതിജീവിക്കാം (4:4, 7, 10).
6. പരീക്ഷണത്തെ അതിജീവിച്ചുകഴിഞ്ഞാൽ നമുക്ക് മധുരമുള്ള ഉപകാരങ്ങൾ ലഭിക്കും (4:11).[23]

**പരീക്ഷണത്തെ നേരിടൽ (4:1-11)**

യേശുവിന്റെ പരീക്ഷണ സംഭവത്തെ മൂന്നു സുവിശേഷ എഴുത്തുകാരും പറഞ്ഞിരിക്കുന്നു (മത്തായിയും, മർക്കൊസും, ലൂക്കൊസും).[24] തീർച്ചയായും

നാം എങ്ങനെ പരീക്ഷണത്തെ അതിജീവിക്കുവാൻ കഴിയുമെന്ന് അറിയുവാൻ ആഗ്രഹിച്ചു. പരീക്ഷണത്തെ കുറിച്ചുള്ള ആ വസ്തുതകളാണ് ഈ പാഠത്തിൽ നാം പഠിക്കുന്നത്:

*ജീവിതത്തിലെ ഏറ്റവും നിർണ്ണായക നിമിഷങ്ങൾക്കുശേഷം അതു വരാം.* യേശുവിന്റെ സ്നാനത്തിനു ശേഷമായിരുന്നു, "പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന്നു യേശുവിനെ മരുഭൂമിയിലേക്ക് നടത്തിയത്" (4:1). അതുപോലെ നമ്മുടെ ആത്മിയമായ ആവേശസമയത്തും പരിശോധനയും പരീക്ഷണവും വരാം.

*യുക്തിസഹജമായ ചിന്തയായിട്ടായിരിക്കാം അതു പലപ്പോഴും വരുന്നത്* (4:3-10). ചുരുങ്ങിയ പ്രതിരോധത്തിലേക്ക് നയിക്കുവാനായി വിവേകചിന്തയിലേക്കാണ് പിശാച് യേശുവിനെ പരീക്ഷിച്ചത്. നാം ചെയ്യരുതാത്തതായ എന്തെങ്കിലും ചെയ്തിട്ട്, നാം ന്യായീകരിക്കുന്നതാണ് നമ്മുടെ വിവേകം.

*അതിനു പൈശാചിക സ്വഭാവമാണുള്ളത്*. അധികാരം, സുഖം എന്നീ നമ്മുടെ ആഗ്രഹനിവർത്തിക്കായി പിശാച് നമ്മെ പ്രേരിപ്പിക്കും.

*നാം അതിനെ പരാജയപ്പെടുത്തുവാൻ അതിനെ മുഖാമുഖമായി നേരിടണം*. യേശു ദൈവ വചനത്താൽ ധൈര്യമായിട്ടാണ് പരീക്ഷണങ്ങളെ നേരിട്ടത്. അവസാനം, സാത്താൻ "കുറെ കാലത്തേക്ക് അവനെ വിട്ടുപോയി" (ലൂക്കൊ. 4:13). യാക്കൊബ് എഴുതി, "നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നിൽപിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടി പോകും" (യാക്കൊ. 4:7).

**യേശുവിനെ പരീക്ഷിക്കുവാൻ കഴിഞ്ഞോ? (4:1-11)**

യേശുവിനെ പാപത്തിന് പരീക്ഷിക്കുവാൻ കഴിഞ്ഞോ ഇല്ലയോ എന്നതു നിസാരമായ ചോദ്യമല്ല. തുല്യ വിദ്യാഭ്യാസമുള്ളവർക്കിടയിൽ ആ കാര്യത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. യേശുവിനെ പാപം ചെയ്യുവാൻ പരീക്ഷിക്കുമെന്നതിനെ എതിർക്കുന്നവർ ചൂണ്ടി കാണിക്കുന്നത്, "പരീക്ഷിച്ചു" എന്നതിനെ "പരിശോധന" "ശോധന" എന്നിങ്ങനെ തർജിമ ചെയ്യാമെന്നാണ്.

"പാപമൊഴികെ സർവ്വത്തിലും നമുക്ക് തുല്യമായി" അവൻ പരീക്ഷിക്കപ്പെട്ടു എന്നാണ് എബ്രായ ലേഖകൻ പറയുന്നത് (എബ്രാ. 4:15). ആ പ്രസ്താവന സൂചിപ്പിക്കുന്നത്, അവനു പാപം ചെയ്യുവാൻ കഴിയുമായിരുന്നു, പക്ഷെ അവൻ പാപം ചെയ്തില്ല എന്നാണ്. അവനു പാപം ചെയ്യുവാൻ കഴിയുമായിരുന്നില്ലെങ്കിൽ, അങ്ങനെ പറയേണ്ട ആവശ്യമുണ്ടായിരുന്നോ? പാപത്തിന് അവസരമില്ലെങ്കിൽ പരീക്ഷണത്തിന്റെ ആവശ്യം ഉദിക്കുന്നില്ല. എച്ച്. ലിയോ ബോൾസ് എഴുതിയത്, "അവന്റെ സ്നാനത്തെ പോലെ *യഥാർത്ഥത്തിലുള്ള*തായിരുന്നു പരീക്ഷണവും"[25] എന്നാണ്.

ക്രിസ്തുവിന്റെ സ്വഭാവം മനസിലാക്കിയാൽ, നമുക്ക് ആ പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞേക്കാം. ജീവിച്ച മറ്റെല്ലാ മനുഷ്യരിൽനിന്നും യേശു വ്യത്യസ്തനായിരുന്നു. അവൻ ദൈവികത്വവും മനുഷ്യത്വവും യോജിച്ചവനായിരുന്നു. ദൈവപുത്രനും മനുഷ്യപുത്രനും ആയിരുന്നു. നമ്മിൽ നിന്നു വ്യത്യസ്തമായി അവന് രണ്ട് സ്വഭാവമാണുണ്ടായിരുന്നത്, ദൈവത്തിന്റേയും മനുഷ്യന്റേയും. അങ്ങനെയല്ലായിരുന്നുവെങ്കിൽ, അവനു ക്രൂശിൽ മരിക്കുവാൻ കഴിയുമായിരുന്നില്ല. ദൈവത്തിനു മരിക്കുവാൻ കഴിയുമോ? യേശു

മരിച്ചു; അവൻ തന്റെ മനുഷ്യരൂപം ത്യജിച്ചു (യോഹ. 10:17, 18; ലൂക്കൊ. 23:46 നോക്കുക). നാം നേരിടുന്നതുപോലെയാണ് യേശുവും പരീക്ഷണങ്ങളെ മാനുഷിക സ്വഭാവത്തോടെയാണ് നേരിട്ടത്.

**ക്രിസ്തുവിന്റെ പരീക്ഷണങ്ങൾ (4:1-11)**

ക്രിസ്തു സ്നാനം ഏറ്റപ്പോൾ സ്വർഗീയ ശബ്ദം അവന്റെ ദൈവികത്വത്തെ വെളിപ്പെടുത്തി. പിതാവ് പറഞ്ഞു, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (3:17). അതു കഴിഞ്ഞയുടനെ, പിശാചിനാൽ പരീക്ഷിക്കപ്പെടേണ്ടതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് കൊണ്ടുപോയി, അവിടെ പിശാച് അവനെ പരീക്ഷിച്ചു. ഓരോ പരീക്ഷണത്തിലും, യേശു ദൈവത്തിന്റെ വിശ്വസ്തപുത്രനാണെന്നു തെളിയിച്ചു. ക്രൂശിലേക്കുള്ള തന്റെ വഴി തടയുവാൻ പിശാചിനെ അവൻ അനുവദിച്ചില്ല, അവിടെ അവൻ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയും ലോകരക്ഷിതാവായി തീരുകയും ചെയ്തു.

ഒറ്റ നോട്ടത്തിൽ, യേശുവിനുണ്ടായ പരീക്ഷണങ്ങൾ നമുക്ക് അന്യമായി തോന്നാം. കല്ല് അപ്പമാക്കുവാനുള്ള ശക്തി നമുക്ക് ഇല്ല, അതുപോലെ കെട്ടിടത്തിന്റെ മുകളിൽനിന്നു ചാടുവാനോ, സാത്താനെ ആരാധിക്കുവാനോ തുനിയുകയില്ല. എങ്ങനെയായാലും ഹെയർ പറഞ്ഞതുപോലെ, "അടിസ്ഥാനപരമായി, യേശു നാമുമായി പങ്കിടുന്ന പരീക്ഷണം എന്തെന്നാൽ ദൈവത്തെ ദൈവത്തിൽനിന്നു കുറഞ്ഞു കാണുക എന്നതാണ്."[26] തീർച്ചയായും, നമ്മുടെ ജീവിതത്തിൽ അത്തരം പ്രതിസന്ധികൾ തിരിച്ചറിയുവാൻ സാധിക്കും.

എന്നിരുന്നാലും, നാം ക്രിസ്തുവിന്റെ പരീക്ഷണങ്ങളെ കൂടുതൽ അടുത്തു നോക്കിയാൽ, നമ്മുടെ സാഹചര്യങ്ങളിൽ അതിനു സമാനമായവ കാണുവാൻ കഴിയും. (1) യേശു ബലഹീനനായിരിക്കുമ്പോഴാണ് സാത്താൻ അവനെ സമീപിച്ചത്, നിയമപരമായ വിശപ്പ് നിയമരഹിതമായി നിറവേറ്റുവാനായിരുന്നു പിശാച് അവനെ പരീക്ഷിച്ചത് (4:3). സാത്താൻ അതേ നയം ഇന്നും തുടരും – മോഷണത്തിനോ, വ്യഭിചാരത്തിനോ, അല്ലെങ്കിൽ മറ്റെന്തിനെങ്കിലുമാകാം. (2) പിശാച് യേശുവിന്റെ വ്യക്തിത്വത്തെ തെളിയിക്കുവാൻ പരീക്ഷിച്ചു (4:5, 6). അവൻ ഇന്നും നമ്മിൽ നിഗളഭാവം ഉണർത്തി, നാം മറ്റുള്ളവരേക്കാൾ ശ്രേഷ്ഠമാണെന്നു തെളിയിക്കുവാൻ മറ്റുള്ളവരെ താറടിച്ചു സംസാരിക്കുവാൻ ശ്രമിക്കും. (3) സാത്താൻ യേശുവിനെ പരീക്ഷിച്ചത് കാര്യങ്ങൾ എളുപ്പത്തിലാക്കുവാനാണ് – ക്രൂശില്ലാതെ കിരീടം ധരിക്കുവാൻ (4:8, 9). ചുരുങ്ങിയ പ്രതിരോധത്താൽ, മൂല്യങ്ങൾ വിട്ടുവീഴ്ച്ച ചെയ്യുവാൻ അവൻ ഇന്നും നമ്മെ പരീക്ഷിക്കും. അതു പരീക്ഷയിൽ ചതിച്ചുകൊണ്ടാകാം, "പച്ചക്കള്ളം" പറഞ്ഞുകൊണ്ടാകാം, അല്ലെങ്കിൽ ചില കടമകൾ നിറവേറ്റാതെയാകാം.

യേശുവിനെ പോലെ, നാം വിശ്വസ്തരായ ദൈവമക്കളാകുവാനാണ് വിളിക്കപ്പെടുന്നത് (ഗലാ. 3:26–29). ക്രിസ്തുവിൽനിന്നു വ്യത്യസ്തരായിട്ടാണ് നാം പലപ്പോഴും പരീക്ഷണങ്ങളെ നേരിടുന്നത്. ഭാഗ്യവശാൽ, "നമ്മുടെ ബലഹീനതകളോട് സഹതാപം കാണിക്കുന്ന ഒരു മഹാപുരോഹിതൻ നമുക്ക് ഉണ്ട്" കാരണം അവൻ "നമുക്ക് തുല്യമായി സകലത്തിലും പരീക്ഷിക്കപ്പെട്ടതാണ്." അവനിൽ "പാപം ഇല്ലാതിരുന്നതിനാൽ" നമുക്ക് വേണ്ടി പിതാവിന്റെ സന്നിധിയിൽ പ്രവേശിപ്പാൻ യോഗ്യനായി തീർന്നു (എബ്രാ. 4:14–16).

ഡേവിഡ് സ്റ്റുവർട്ട്

**ഏകാന്തതയുടേയും നിശബ്ദതയുടേയും അച്ചടക്കം (4:1-11)**

തിരക്കുപിടിച്ചതും ശബ്ദായമാനവുമായ ലോകത്തിൽ നാം ജീവിക്കുന്നതിനാൽ, നമുക്ക് അച്ചടക്കം അനിവാര്യമാണ്. നാം ചിലപ്പോൾ, ആരും സംസാരിക്കാത്തതും, ടിവി, റേഡിയോ, ടെലഫോൺ, സിഡി പ്ലെയർ എന്നിവയില്ലാത്തതുമായ ഏതെങ്കിലും ഭാഗത്തേക്ക് പോയെന്നുവരാം. സാങ്കേതികമായവയെല്ലാം ഇല്ലാതെ നമുക്ക് എങ്ങനെ ജീവിക്കുവാൻ കഴിയും?

ഏകാന്തതയുടെ അച്ചടക്കം പരിശീലിക്കുവാൻ നാം ശീലിക്കണം. പ്രാർത്ഥനക്കും ആത്മിയ കാര്യങ്ങൾ തടസങ്ങളില്ലാതെ ധ്യാനിക്കുവാനുമായി നാം ചിലപ്പോൾ "കുളിമുറിയിൽ" പോകണം.

അത്തരത്തിലുള്ള അച്ചടക്കം നാം എന്തിനാണ് ശീലിക്കേണ്ടത്?

ചില കാരണങ്ങൾ ഇതാ:

1. യേശു നമുക്ക് വെച്ചിരിക്കുന്ന മാതൃകയാണ് നാം പിൻപറ്റുന്നത് (4:1; മർക്കൊ. 1:35; ലൂക്കൊ. 4:42).
2. നാം ദൈവത്തോട് കൂടുതൽ അടുക്കും (സങ്കീ. 46:10; യാക്കൊ. 4:7, 8).
3. നാം, വൈകാരികമായും, ആത്മികമായും, ഭൗതികമായും, മാനസികമായും ശക്തിപ്പെടും (ലൂക്കൊ. 2:52).
4. നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടമെന്തെന്ന് കണ്ടെത്തുവാൻ നാം സമയം കണ്ടെത്തും.
5. അജ്ഞാതമായവയെ നേരിടുവാൻ നാം കൂടുതൽ പ്രാപ്തരാകും.

---

കുറിപ്പുകൾ

[1]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബ്ലിക്കൽ കമെന്ററി (പീബഡി, മാസ്സ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 28. [2]ഗ്രഹാം എച്ച്. ട്വൽഫ്ട്രീ, "ടെംറ്റേഷൻ ഓഫ് ജീസസ്," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്ക്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്, Ill. ഇന്റർവാഴ്സിറ്റി പ്രസ്, 1992), 824–25. [3]ഡഗ്ലസ് ആർ. ഏ. ഹെയർ, *മാത്യു* ഇന്റർപ്രെട്ടേഷൻ (ലൂയിസ്വില്ലേ: ജോൺ നോക്സ് പ്രസ്, 1993), 24. [4]ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡെയിൽന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 97. [5]ജാക്ക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യൂ*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 67. [6]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി., ഫ്രെഡറിക് ഡബ്ലിയു ഡാർക്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 793. [7]ജോൺ മാക് ആർദർ, ജൂനിയർ., *ദ മാക് ആർദർ ന്യുടെസ്റ്റമെന്റ് കമെന്ററി: മാത്യു 1–7* (ഷിക്കാഗോ മൂഡി പ്രസ്, 1985), 87. [8]എച്ച്. ലിയോ ബോൾസ്, *എ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (നാഷ്വിലേ: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി., 1936), 96. [9]കഠിനമായ വിശപ്പ് ആളുകളെക്കൊണ്ട് അസാധാരണ കാര്യങ്ങൾ ചെയ്യിക്കും. ശമര്യയിൽ ഏർപ്പെടുത്തിയ-ഉപരോധം നിമിത്തം അമ്മ സ്വന്തകുഞ്ഞിനെ തിന്ന സംഭവം ഉണ്ടായിട്ടുണ്ട് (2 രാജാക്കന്മാർ 6:28, 29). [10]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ്

റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 74.

[11]റോബർട്ട് എച്ച്. ഗൺഡ്രി, *മാത്യു: ഏ കമെന്ററി ഓൺ ഹിസ് ലിറ്ററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1982), 56. [12]ലേവിസ്, 69. [13]ജോസെഫസ് ആന്റികിറ്റിസ് 15.11.5. [14]*പ്രസിക്താ റബ്ബതി,* 36; ക്വോട്ടഡ് ഇൻ ടിൽഫ്ട്രീ, 823. [15]ഗൺഡ്രി, 56. [16]വില്യം ഹെൻഡ്രിക്സൺ, *ന്യൂടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 230. [17]മോറിസ്, 76. [18]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1-13,* വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം. 33 ഏ (ഡള്ളാസ്: വേർഡ് ബുക്സ്, 1993), 67. [19]ആൽബർട്ട് ബാർണെസ്, *നോട്ട്സ് ഓൺ ദ ന്യൂടെസ്റ്റമെന്റ്: മാത്യു ആന്റ് മാർക്ക്,* എഡി., റോബർട്ട് ഫ്ര്യൂ (ഫിലദെൽഫിയ: എൻ.പി., 1832; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ് 1974), 35. [20]"മനുഷ്യരെ ആരാധിക്കുന്നതും (പ്രവൃത്തികൾ 10:26) ദൂതന്മാരെ ആരാധിക്കുന്നതും (വെളിപ്പാട് 19:10) വിലക്കിയിരിക്കുകയാണ്. അപ്പോൾ പിശാചിനെ ആരാധിക്കുന്നത് എത്ര അധികം," എന്നാണ് ജാക് പി. ലൂയിസ് എഴുതിയത് (ലൂയിസ്, 70).

[21]മോറിസ്, 78. [22]ഗൈ എൻ. വൂഡ്സ്, "ക്വസ്റ്റ്യൻസ് ആന്റ് ആൻസേഴ്സ്," *ഗോസ്പെൽ അഡ്വെക്കേറ്റ്* (17 ജൂൺ 1982): 358. [23]ഈ സംക്ഷിപ്തത്തിൽ പറഞ്ഞത് എടുത്തിരിക്കുന്നത്, ജാക്ക് വിതെലത്തിന്റെ "ലെസൻസ് ഫ്രം ദ ടെംറ്റേഷൻ ഓഫ് ജീസസ്," ആർഎസ്വിപി *ന്യൂസ്ലെറ്റർ*, 154-10-83-37 (1983). ജാക്ക് വിതെലം, പി. ഓ. ബോക്സ്, 2222, ഫ്ളോറെൻസ് ആൽ. 35630. [24]യേശുവിന്റെ മറ്റു പരീക്ഷണവിവരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് മർക്കൊസ് 1:12, 13 ലും ലൂക്കൊസ് 4:1-13 ലുമാണ്. [25]ബോൾസ്, 95. [26]ഹെയർ, 26.